educationobserver.com

S.S.L.C. EXAMINATION - MARCH - 2012

# MALAYALAM
## Paper - II

**Time : 1½ Hours** **Total Score : 40**

---

**പൊതുനിർദേശങ്ങൾ:**

- ആദ്യത്തെ പതിനഞ്ചുമിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

---

1. 'ദക്ഷിണറെയിൽവേയുടെ അശ്രദ്ധമൂലം തീവണ്ടിയിൽ യാത്ര ചെയ്തിരുന്ന ഗിരീഷ് എന്ന വിദ്യാർത്ഥിയുടെ വലതുകൈ നഷ്ടപ്പെട്ടു.'

   എഡിറ്റർ, പത്രറിപ്പോർട്ടർ എഴുതി നൽകിയ ഈ വാക്യത്തിലെ 'അശ്രദ്ധമൂലം' എന്ന വാക്കിന്റെ സ്ഥാനം മാറ്റി ചുവടെ ചേർത്തിരിക്കുന്ന വിധം എഴുതി:

   'ദക്ഷിണറയിൽവേയുടെ തീവണ്ടിയിൽ യാത്രചെയ്തിരുന്ന ഗിരീഷ് എന്ന വിദ്യാർത്ഥിയുടെ അശ്രദ്ധമൂലം വലതുകൈ നഷ്ടപ്പെട്ടു.'

   ഈ വാക്യങ്ങൾ തമ്മിലുള്ള ആശയപരമായ വ്യത്യാസം വിശദമാക്കുക. (2)

2. ഉമ്മക്കുലുസു മരിച്ചന്നുരാത്രിയിൽ
   ഉമ്മ തനിച്ചു പുറത്തുനിന്നു

   ..........................................

   ഉമ്മക്കുലുസു മരിച്ചന്നു രാത്രിതൊട്ടി-
   ന്നോളമാമഴ തോർന്നുമില്ല.

   (അരപ്പൂറം)

   രാത്രി, തനിച്ച്, പുറത്തുനിന്നു, ഇന്നോളം, ആമഴ, തോർന്നുമില്ല എന്നീ പദങ്ങൾ കവിതയുടെ ഭാവതലവുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക. (2)

3. • തീവ്രമായ വ്രതംമൂലം ശുഷ്കശരീരനെങ്കിലും <u>വെണ്ണീറിൽ കനലെന്നപോലെ</u> ഒളിഞ്ഞുകിടക്കുന്ന കുടുംബസ്നേഹം അദ്ദേഹത്തിൽ സമജ്വലിക്കാറുണ്ടായിരുന്നു.

   • ആ ഗാനമാധുരി <u>വാടിത്തളർന്ന തുളസിപ്പൂവിനെ പച്ചവെള്ളം തളിച്ചുണർത്തുന്നതുപോലെ</u> ഞങ്ങളെ പുനരുജ്ജീവിപ്പിച്ചു.

   അടിവരയിട്ട ഭാഗങ്ങൾ ശ്രദ്ധിക്കുക. ആശയങ്ങൾ അവതരിപ്പിക്കുന്നതിനു വി.ടി. ഭട്ടതിരിപ്പാട് ആലങ്കാരിക ഭാഷ ഉപയോഗിച്ചിരിക്കുകയാണ്. നൽകിയ വാക്യങ്ങൾ വിശകലനം ചെയ്ത് ഇതുമൂലം രചനയ്ക്കുണ്ടായ സവിശേഷഗുണം സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.

   (അരപ്പൂറം) (2)

4. 'യൂറോപ്പുകാരുടെയും ആഫ്രിക്കൻ ജന്മികളുടെയും പാടങ്ങളിലും പൂന്തോട്ടങ്ങളിലും പണിയെടുത്തിരുന്നവരായിരുന്നു ആ കുട്ടികൾ.'

   ഈ വാക്യത്തിൽ സാമൂഹികമായ വിവേചനത്തിന്റെ ചിത്രമാണ് തെളിയുന്നത്. ഏതെല്ലാം വിവേചനങ്ങൾ നിങ്ങൾക്കു കണ്ടെത്താൻ കഴിഞ്ഞു? കണ്ടെത്തിയ വിവേചനങ്ങൾ ഒരു കോളത്തിലും അതിന്റെ വിശദീകരണം രണ്ടാം കോളത്തിലുമായി ഒരു പട്ടിക തയ്യാറാക്കുക. (2)

5. 'കീഴടക്കുവാൻ ഗർവ്വാൽ
   ചവിട്ടിത്താഴ്ത്താൻ എത്ര
   കാലുകൾ, വൈദേശിക

educationobserver.com

[illegible]

ഇല്ലനാഥയാകില്ലെ-

ന്നമ്മ, യെന്നല്ലേ പെയ്യും

കണ്ണീരിന്നിടയിലും

ധീരമീ ശബ്ദം ചൊൽവൂ'

(സച്ചിദാനന്ദൻ മലയാളത്തെപ്പറ്റി എഴുതിയ മറ്റൊരു കവിതയിലെ വരികൾ)

മലയാള ഭാഷ അനാഥമാകില്ലെന്ന ശുഭാപ്തി വിശ്വാസമാണ് കവി ഈ വരികളിലൂടെ പ്രകടിപ്പിക്കുന്നത്. മലയാളത്തെ സംരക്ഷിക്കേണ്ടതിന്റെ പ്രസക്തിയും അതിനാവശ്യമായ പ്രവർത്തന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. (ഒരുപുറം) (4)

6. "ഉദ്ദേശിച്ച നിറമുള്ള സാരി കിട്ടാതെ നീനയുടെ കല്യാണത്തിനു പോകുന്ന പ്രശ്നമില്ലെന്നു രമണി പറഞ്ഞിരുന്നു. 'നിന്റെ സ്വന്തം അനുജത്തിയുടെ മകളാണ് നീന' അയാൾ പറയുന്നു. അതുകൊണ്ടൊന്നും കാര്യമില്ല. ഒരു വാശിയുടെ കഥയാണ്. എവിടെയും കിട്ടാത്ത ആ നിറം എനിക്കും കിട്ടുമോ എന്നു നോക്കട്ടെ...."

വർത്തമാനകാല കേരളീയ സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ ജീവിത വീക്ഷണമാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്. രമണി എന്ന കഥാപാത്രത്തെ മുൻനിർത്തി വിമർശനാത്മക കുറിപ്പ് തയ്യാറാക്കുക.

(അരപ്പുറം) (4)

7. എന്റെ ഭാഷ, വാക്കിന്റെ കൂടെരിയുന്നു എന്നീ രചനകളിലെ ആശയങ്ങൾ വിശകലനം ചെയ്ത് താരതമ്യകുറിപ്പ് തയ്യാറാക്കുക.

(അരപ്പുറം) (4)

8. 'സമത്വസുന്ദരമായ ഒരു നവലോകത്തിൽ എത്തിച്ചേർന്ന സംതൃപ്തി തോന്നി ഞങ്ങൾക്ക്'.

സമത്വസുന്ദരമായ നവലോകസങ്കൽപം രൂപപ്പെടണമെങ്കിൽ നീതി നിഷേധിക്കപ്പെട്ടവരുടെ പക്ഷത്തുനിന്നും കാര്യങ്ങളെ നോക്കിക്കാണണം. വി.ടി. ഭട്ടതിരിപ്പാടിന്റെ രചനയെ ഈ പശ്ചാത്തലത്തിൽ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

(അരപ്പുറം) (4)

9. ഭാഷയും സംസ്കാരവും പ്രകൃതിയും പരസ്പരം ഇഴചേർന്നു നിൽക്കുന്നവയാണെന്ന് സച്ചിദാനന്ദന്റെ മലയാളം എന്ന കവിത സൂചിപ്പിക്കുന്നുണ്ടോ? കവിത വിശകലനം ചെയ്തു ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

(അരപ്പുറം) (4)

10. ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവലിൽ നിന്നൊരുഭാഗം ചുവടെ കൊടുക്കുന്നു.

'...... അന്നൊക്കെ എന്റെ ഏറ്റവും വലിയ സ്വപ്നം,

മോഹം, പ്രാർത്ഥന എന്തായിരുന്നു എന്നാണ്

നിങ്ങൾ വിചാരിക്കുന്നത്? ഇവിടെ നിന്നും

മോചനം പ്രാപിക്കുക? കുടിക്കാൻ ഇത്തിരി

വെള്ളം കിട്ടുക? എന്റെ കുഞ്ഞിനെ ഒന്നു

കാണുക? എന്റെ സൈനുവിനെ ഒന്നു

വിളിക്കുക? ഒന്നുമായിരുന്നില്ല.

ഒരിത്തിരി നേരം തണലത്ത് ഒന്നിരിക്കുക

എന്നതായിരുന്നു അന്നത്തെ എന്റെ

അടങ്ങാത്ത മോഹം. തണൽ ഒരു സ്വപ്നമായി-

ത്തീരുന്നവന്റെ വേദന ഒന്നാലോചിച്ചു

നോക്കൂ.... എന്റെ കുപ്പായം ഊരി ഞാൻ

തണലുണ്ടാക്കാൻ നോക്കിയിട്ടുണ്ട്.

എന്തിന്, പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?

എന്റെ കയ്യിലിരിക്കുന്ന വടിയിൽ

നിന്നു വീഴുന്ന നിഴലിൽ പോലും

ഒരു തണൽ കണ്ടെത്താൻ ഞാൻ

ശ്രമിച്ചിട്ടുണ്ട്.....'

educationobserver.com

പ്രവാസി ജീവിതാനുഭവങ്ങളെ അതിതീവ്രമായി ആടുജീവിതത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. നൽകിയ ഉദാഹരണവും പാഠഭാഗവും ആസ്സാം പണിക്കാർ എന്ന കവിതയും വിശകലനം ചെയ്ത പ്രവാസി ജീവിതത്തെക്കുറിച്ച് ചെറുലേഖനം തയ്യാറാക്കുക.

(ഒരു പുറം) (6)

11. ബ്രഹ്മാലയം തുറക്കപ്പെട്ടു, എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്നീ രചനകൾ കേരളീയ സമൂഹത്തിന്റെ രണ്ടു കാലഘട്ടങ്ങളുടെ നേർചിത്രങ്ങളാണ്.

ഈ രചനകളിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയും സ്വന്തം നിരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചും 'കേരളം അന്നും ഇന്നും' എന്ന പേരിൽ ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

അല്ലെങ്കിൽ

വി.ടി. ഭട്ടതിരിപ്പാടിനെപ്പോലുള്ള സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ആധുനിക മലയാളി മുന്നോട്ടുകൊണ്ടുപോവുകയാണോ കയ്യൊഴിയുകയാണോ ചെയ്യുന്നത്? കേരളീയ സമൂഹത്തിലെ സമകാലീന പ്രവണതകൾ വിശകലനം ചെയ്ത് ഉപന്യസിക്കുക.

(ഒരുപുറം) (6)